# ദളിത് ജ്ഞാനനിർമ്മിതിയും പത്രപ്രവർത്തന ചരിത്രവും

**ശ്രീക്കുട്ടി കെ.**
അസിസ്റ്റന്റ് പ്രൊഫസ്സർ (ഓൺ കോൺട്രാക്ട്)
വിമല കോളേജ് ഓട്ടോണോമസ്, തൃശ്ശൂർ
Email: sreekutty.kannan84@gmail.com

**പ്രബന്ധസംഗ്രഹം**

കേരളത്തിന്റെ അച്ചടിയുടെ ചരിത്രത്തെ സംബന്ധിച്ച് ധാരാളം ഗ്രന്ഥങ്ങൾ നമുക്ക് ലഭ്യമായിട്ടുണ്ട് അവയിലൊക്കെ അച്ചടിയുടെ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത് മിഷനറി പ്രവർത്തനങ്ങളുടെ ഭാഗമായും വൈദേശി സംസ്കൃതിയുടെ സംഭാവനയുമായാണ്. മിഷനറി പ്രവർത്തനങ്ങളിൽ നിന്ന് ആരംഭിക്കുന്ന മലയാള അച്ചടി ചരിത്രത്തിൽ വിസ്മരിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ പ്രവർത്തനങ്ങളെയാണ് ഈ ഗവേഷണ ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതായത് അച്ചടിയുടെ ചരിത്രത്തെ അവതരിപ്പിക്കുമ്പോൾ സവർണ്ണ പ്രമുഖരുടെ പരിശ്രമങ്ങളെ മാത്രം പ്രത്യേകം ശ്രദ്ധ നൽകി പരിഗണിക്കുന്നതായി കാണാം. അവിടെയൊന്നും ദളിതർ നടത്തിയ അച്ചടി പരിശ്രമങ്ങളും ദളിതർക്കായി അവർ തന്നെ ആരംഭിച്ച പ്രസിദ്ധീകരണങ്ങളും അംഗീകരിക്കപ്പെട്ടില്ല. പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹിക/ സാമുദായിക പരിശ്രമങ്ങളിൽ ദളിതർ തങ്ങളുടെ വ്യക്തമായ പ്രാതിനിധ്യം എടുത്തുകാണിക്കാൻ ഉപയുക്തമാക്കിയ വഴിയായിരുന്നു അച്ചടിയുടെത്. മലയാള അച്ചടിയിലെ ചരിത്രത്തിൽ ദളിതരുടെ പ്രവർത്തനങ്ങളെയാണ് ഈ ഗവേഷണ ലേഖനത്തിലൂടെ നിരീക്ഷിക്കുന്നത്.

**താക്കോൽ വാക്കുകൾ:** ദളിത്, ആഖ്യാനം, കീഴാള ചരിത്രം, അച്ചടി- പത്രപ്രവർത്തനം, കേരള ചരിത്രം, മാധ്യമം

**ലക്ഷ്യം**

1. മലയാള അച്ചടി ചരിത്രത്തിൽ വിസ്മൃതമാക്കപ്പെട്ട ദളിതരുടെ പ്രാതിനിധ്യം വെളിവാക്കുന്നു

2. അക്കാലത്തെ ദളിതരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിഗതികളെ അവരുടെ അച്ചടിശാലകളെയും പ്രസിദ്ധീകരണ പ്രവർത്തനങ്ങളെയും മുൻനിർത്തി വിലയിരുത്തുന്നു

3. . മലയാളത്തിൽ ദളിത് അച്ചടിയുടെ ചരിത്രം ആരംഭിക്കുന്നതായി ഈ പറയപ്പെടുന്നത് അയ്യൻകാളിയുടെ നേതൃത്വത്തിൽ ആരംഭിച്ച സാധുജന പരിപാലിനി എന്ന മാസികയിലൂടെ യാണ്. എന്നാൽ അതിനുമുമ്പ് ഉണ്ടായിരുന്ന ദളിത് പ്രസിദ്ധീകരണങ്ങളെയും അന്നത്തെ സാമൂഹിക പശ്ചാത്തലത്തേയും കണ്ടെത്തുന്നു.

## പ്രസക്തി

ചരിത്രം പലപ്പോഴും പൂർണ്ണമോ തീർത്തും യാഥാർത്ഥ്യമോ ആകണമെന്നില്ല. നമുക്ക് സുപരിചിതമായ അച്ചടിയുടെ ചരിത്രത്തിൽ പ്രധാനികളായി അറിയപ്പെട്ടിരുന്നത് വൈദേശി കരും ചില സവർണ്ണപ്രമുഖരും ആയിരുന്നു. ഒരുകാലത്ത് ഇവരുടെ കുത്തകയായിരുന്ന അച്ചടി പത്രപ്രവർത്തനരംഗത്തേക്ക് ദളിതർ കടന്നുവന്നത് ഒട്ടനവധി പ്രതിബന്ധങ്ങളെ തരണം ചെയ്തുകൊണ്ടാണ്. പക്ഷേ മുഖ്യധാര ഇടങ്ങളിൽ നിന്നും പ്രത്യേകമായി ദളിതരുടെ അച്ചടിക്ക് നേതൃത്വം നൽകിയവരെയോ അവരുടെ പ്രസിദ്ധീകരണങ്ങളുടെ ലക്ഷ്യത്തെയോ കണ്ടെത്തു കയുണ്ടായില്ല. ദളിതർക്ക് സ്വത്വബോധം നൽകി അവരെ മുൻനിരയിലേക്ക് എത്തിക്കാൻ വലിയ പങ്കുവഹിച്ച ഇത്തരം പ്രസിദ്ധീകരണങ്ങളെ കുറിച്ച് അറിവ് നൽകുന്നു. അച്ചടി രംഗത്ത് വളരെ അസൂയാവഹമായ പ്രവർത്തനങ്ങൾ നടത്തിയിരുന്ന ദളിതരുടെ ഒരു പോയകാലത്തെ ഓർമ്മപ്പെടുത്തുന്നിടത്താണ് ഈ ഗവേഷണലേഖനത്തിന്റെ പ്രസക്തി.

## പൂർവ്വ പഠനങ്ങൾ

അച്ചടി പത്രപ്രവർത്തനവുമായി ബന്ധപ്പെട്ട ഏതാനും ഗ്രന്ഥങ്ങളെ ഗവേഷണ ലേഖ നത്തിനായി മാതൃകയാക്കിയിട്ടുണ്ട്. ഡോക്ടർ മോഹൻദാസ് വള്ളിക്കാവിന്റെ "കീഴാള പത്ര പ്രവർത്തനം". നിസാർ ഒളവണ്ണയുടെ "പത്രപ്രവർത്തനം", ദിനേശ് വർമ്മയുടെ "പത്രപ്രവർ ത്തനം വഴിയും വസ്തുതയും". കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച "മാധ്യമങ്ങളും മലയാള സാഹിത്യവും" മുതലായ ഗ്രന്ഥങ്ങളാണ് ഇതിൽ പ്രധാനപ്പെട്ടവ.

## ദളിത് ജ്ഞാനനിർമ്മിതിയും പത്രപ്രവർത്തന ചരിത്രവും

മിഷനറിപ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് കേരളത്തിൽ അച്ചടി ആരംഭിക്കുന്നത്. വൈ ദേശികർ തങ്ങളുടെ ആശയങ്ങൾ പ്രചരിക്കാനും കൊളോണിയൽ അധികാരസീമയ്ക്കകത്ത് തദ്ദേശീയരെ നിലനിർത്താനും ഈ പുതിയജ്ഞാനസമ്പ്രദായത്തെ ഉപയോഗിച്ചു. ആദ്യകാല ത്തെ പത്രങ്ങളും പത്രികകളും മതപരമായ ആശയങ്ങളാണ് മുന്നോട്ടുവെച്ചത്. കൊല്ലത്ത് 1578ൽ സ്ഥാപിച്ച സാൽവദോർ സെമിനാരിയിലെ അച്ചുകൂടവും കൊച്ചിയിൽ ഈശോസഭക്കാർ 1560ൽ സ്ഥാപിച്ച ദേവമാതാവിന്റെ മുദ്രണാലയവും അമ്പഴക്കാട് സെന്റ്പോൾ സെമിനാരിപ്രസ്സുമൊക്കെ മതപ്രചരണത്തിൽ ചെലുത്തിയ സ്വാധീനംവിശ്രുതമാണ്. എന്നാൽ കേരളത്തിൽ മലയാളം അച്ചടിയുടെ ചരിത്രം ആരംഭിക്കുന്നത് 1821ൽ ബെഞ്ചമിൻ ബെയ്‌ലി കോട്ടയം സി.എം.എസ്. പ്രസ്സിൽ അച്ചുകൂടം സ്ഥാപിക്കുന്നതോടെയാണ്. 1847ലെ 'രാജ്യസമാചാര'ത്തിലൂടെ സംഭവി ച്ചതു മതപ്രചാരണത്തിന്റെ കുത്തൊഴുക്കായിരുന്നു. എന്നാൽ തുടർന്നുണ്ടായ 'പശ്ചിമതാരക', 'വിദ്യാസംഗ്രഹം', 'വിദ്യാവിനോദിനി' മുതലായ ആനുകാലികങ്ങൾ ഉള്ളടക്കത്തിന്റെ പുതു മകളാലും വൈവിധ്യമാർന്ന അവതരണശൈലിയാലും മതപ്രബോധനത്തേക്കാളുപരിയായ


ISSN: 2582 - 2594

പ്രത്യേകശ്രദ്ധ ആകർഷിച്ചിരുന്നു. കേരളത്തിന്റെ അച്ചടിചരിത്രവും പത്രപ്രവർത്തനചരിത്രവും പരിശോധിക്കുമ്പോൾ മിഷനറിമാരുടെ സംഭാവനകളും വരേണ്യരുടെ ഇടപെടലുകളുമാണ് മുൻനിരയിയിൽ പ്രത്യക്ഷപ്പെടുക. അച്ചടി-പത്രപ്രവർത്തനചരിത്രത്തിൽ ശക്തമായ പ്രാതിനിധ്യം തെളിയിച്ച ദളിത്പത്രപ്രവർത്തകരെ മലയാളത്തിൽ വേണ്ടവിധം പരിഗണിച്ചിരുന്നില്ല.

പത്തൊമ്പതാം നൂറ്റാണ്ടിലെ നവോത്ഥാനശ്രമങ്ങളിൽ പത്രങ്ങളുടെയും മാസികകളുടെയും പങ്ക് വിസ്മരിക്കാനാകാത്തതാണ്. അക്കാലത്ത് പല സാമുദായിക സംഘടനകളുടെയും ഭാഗമായിട്ടായിരുന്നു പത്രമാസികകൾ പ്രത്യക്ഷപ്പെട്ടത്. യോഗക്ഷേമസഭയുടെ 'ഉണ്ണിനമ്പൂതിരി', എസ്.എൻ.ഡി.പി. യുടെ 'വിവേകോദയം', 'മിതവാദി', എൻ.എസ്.എസി.ന്റെ 'സർവീസ്'എന്നിവ ഉദാഹരണങ്ങളാണ്. പലപത്രികകളും സാമുദായിക ഉന്നമനം തന്നെയായിരുന്നു ലക്ഷ്യംവെച്ചിരുന്നത്.

### കീഴാള പത്രപ്രവർത്തനം – പ്രാരംഭം

ദളിത്പത്രപ്രവർത്തനത്തിന്റെ ചരിത്രം തുടങ്ങുന്നത് അയ്യങ്കാളി സ്ഥാപിച്ച 'സാധുജനപരിപാലനസംഘത്തി'ന്റെ മുഖപത്രമായ 'സാധുജനപരിപാലിനി' എന്ന മാസിക ആരംഭിക്കുന്നതോടുകൂടിയാണ്. ഈ മാസിക വളരെക്കുറച്ച് കാലം മാത്രമേ നടത്തിക്കൊണ്ടുപോകാൻ അയ്യങ്കാളിക്ക് സാധിച്ചിരുന്നുള്ളൂ. സംഘടനയ്ക്ക് അകത്തുള്ള പ്രശ്നങ്ങളും മറ്റ് പ്രതികൂല പരിതസ്ഥിതികൾക്കിടയിലും നിലനിൽക്കാനാകാതെ മാസിക ഇടയ്ക്കുവെച്ച് പ്രവർത്തനം നിലയ്ക്കുകയാണ് ഉണ്ടായത്. തുടർന്നു 1919ൽ പാമ്പാടി ജോൺ ജോസഫ് 'സാധുജനദൂതൻ' മാസിക ആരംഭിച്ചു. 1921ൽ സ്ഥാപിതമായ ചേരമസഭയുടെ ഭാഗമായി സാധുജനദൂതൻ മാറി. 1923 ൽ സാധുജനദൂതൻ എന്ന പേരിനു പകരം 'ചേരമർദൂതൻ'എന്നാക്കി. 1924 ആകുമ്പോഴേക്കും സ്വന്തമായി ഒരു പ്രസ്സ് വാങ്ങുന്ന തലത്തിലേക്ക് ചേരമ സഭ വിപുലമാവുകയും സഭയുടെ ധനശേഖരണത്തിൽ 'ചേരമദൂതൻ' വലിയ പങ്കുവഹിക്കുകയും ചെയ്തു. ദളിതർ വിദ്യകൊണ്ട് പ്രബുദ്ധരായി മാറിക്കൊണ്ടിരിക്കുന്ന ഒരു സുപ്രധാന ദശാസന്ധി കൂടിയാണ് 'ചേരമദൂതൻ' പോലുള്ള പ്രസിദ്ധീകരണങ്ങൾ പ്രതിനിധാനം ചെയ്യുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിലെ നവോത്ഥാന പ്രവർത്തനങ്ങൾ ദളിതരുടെ പത്രപ്രവർത്തനങ്ങളെ ഉയർത്തിക്കാണിച്ചിരുന്നില്ല. സവർണ്ണാധിപത്യത്തിൽ അധിഷ്ഠിതമായ അച്ചടിമേഖലയ്ക്കുള്ള (അധീശതാൽപര്യങ്ങളെ) ഒരു പ്രഹരമായാണ് പത്രപ്രവർത്തനത്തെ ദളിതർ സമീപിച്ചത്. അതിന് ഉദാഹരണമാണ് തിരുവിതാംകൂറിൽ അടിമവ്യാപാരം നിർത്തിയുള്ള "മാർത്താണ്ഡവർമ്മ തിരുമനസ്സിലെ വിളംബരം" വളരെ ഗൗരവതരമായ ലേഖനമായി തന്നെ 'ചേരമദൂതരി'ൽ പ്രസിദ്ധീകരിച്ചത്. ഈ മാസികയിലൂടെയാണ് ദളിതരെ പുലയർ എന്ന പദത്തിന് ബദലായി ചേരമർ (കേരളത്തിന്റെ മക്കൾ) എന്ന് സംബോധന ചെയ്യണമെന്ന് ശക്തിയുക്തം വാദിച്ചതും.

പാമ്പാടി ജോൺ ജോസഫിന്റെ "സവർണ്ണക്രിസ്ത്യാനികളും അവർണ്ണക്രിസ്ത്യാനികളും" എന്ന ഗ്രന്ഥം സമൂഹത്തിലെ മതഭേദമില്ലാത്ത ജാതിബോധത്തെ വെളിവാക്കി യഥാർത്ഥമായ ദളിത് ജീവിതാവസ്ഥയെ അക്കാലത്ത് അവതരിപ്പിച്ചു. സവർണ്ണശക്തികൾ പാമ്പാടി ജോൺ ജോസഫിന്റെ ഗ്രന്ഥത്തിലെ വസ്തുതകളെ വിവാദമാക്കുകയും പ്രസ്തുത ഗ്രന്ഥത്തിനെതിരെ കേസ് കൊടുക്കുകയും ചെയ്തു. താമസിയാതെ അദ്ദേഹത്തിന് സവർണരുടെ പ്രതിഷേധങ്ങളെ പ്രതി

രോധിക്കാൻ കഴിയാതെവന്നപ്പോൾ പ്രസ്സ് വിറ്റ് 'ചേരമദൂതർ' നിർത്തലാക്കേണ്ടിവന്നു. കേരള സമൂഹത്തിന്റെ പരിവർത്തനദശയിൽ കൃത്യമായ ദളിത് അവബോധം നൽകിയ 'ചേരമദൂതർ' പോലുള്ള പ്രസിദ്ധീകരണങ്ങളെപ്പറ്റി വിശാലമായി പഠിക്കേണ്ടതുണ്ട്.

## പ്രധാന ദളിത് പ്രസിദ്ധീകരണങ്ങൾ

'ചേരമദൂതന്റെ'യും 'സാധുജനപരിപാലിനി'യുടെയും ചുവടുപിടിച്ചുകൊണ്ട് അനവധി പ്രസിദ്ധീകരണങ്ങൾ കേരളത്തിൽ ഉണ്ടായി. അധികമൊന്നും ശ്രദ്ധിക്കപ്പെടാതെ, അംഗീകരിക്കപ്പെടാതെ സാമുദായിക വിമർശനങ്ങളെ പ്രതിരോധിക്കാനാകാതെ നിലച്ചുപോയ പല ദളിത് പ്രസിദ്ധീകരണങ്ങളും ഈ കൂട്ടത്തിൽ ഉണ്ട്. സാധുജനപരിപാലിനിയ്ക്ക് മുമ്പ് അച്ചടിയിൽ ദളിത് സാന്നിധ്യം അറിയിച്ച മാസികയാണ് 'മലയാളമിത്രം'. 1892 ൽ രണ്ടാം വാല്യം പുറത്ത് ഇറങ്ങിയതിനുശേഷം ഈ മാസിക ആരും പുനഃപ്രസിദ്ധീകരിച്ചിട്ടില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കോട്ടയത്ത് വച്ച് ചാത്തൻ യോഹന്നാൻ "തെന്നിന്ത്യൻ സുവിശേഷ സംഘത്തിന്റെ പാട്ടുപുസ്തകം" എന്ന ഗ്രന്ഥം അച്ചടിച്ചു. ഒരു ദളിതൻ ആദ്യമായി പ്രസാധനം ചെയ്ത പുസ്തകമാണ്. 1913 ൽ ചങ്ങനാശ്ശേരിയിൽനിന്നും അയ്യങ്കാളി സാധുജന പരിപാലിനി ആരംഭിച്ചതിൽ നിന്നാണ് ഇന്ന് നാം പഠിക്കുന്ന തരത്തിലുള്ള ദളിത് അച്ചടിയുടെ ചരിത്രം ആവിർഭവിച്ചത്. ആദ്യത്തെ ദളിത് മാസിക എന്നറിയപ്പെടുന്ന സാധുജന പരിപാലിനിയിൽ പോലും പ്രവർത്തിച്ചിരുന്നത് ഭൂരിഭാഗവും സവർണ്ണപ്രമുഖ (ചങ്ങനാശ്ശേരിപരമേശ്വരപിള്ള) ന്മാരായിരുന്നു. തൊള്ളായിരത്തി മുപ്പതുകളോടുകൂടി സ്വതന്ത്ര ദളിത് പ്രസിദ്ധീകരണങ്ങൾ മലയാളത്തിലേക്ക് കടന്നുവരാൻ തുടങ്ങി. 1936 കൊച്ചിയിൽ നിന്നും കെ.പി. വള്ളോൻ 'ധർമ്മ കാഹളം' പ്രസ്സിൽ നിന്ന് അധഃകൃതൻ എന്നപേരിൽ മാസിക ആരംഭിച്ചു. 1937 ൽ അധഃകൃതൻ എന്ന നാമത്തിനു ബദലായി ഹരിജൻ എന്ന് പുനഃനാമകരണം ചെയ്തു. കോട്ടയത്തു നിന്നും കവിയൂർ കെ. സി. തോമസ് പ്രസാധനം ചെയ്ത വാരികയാണ് പ്രബോധിനി. ക്രിസ്ത്യാനികൾക്കിടയിലെ ജാതിചിന്തകളെ വിമർശിച്ചു എന്ന ഒറ്റ കാരണത്താൽ 1949 ൽ പ്രബോധിനി നിർത്തലാക്കേണ്ടിവന്നു. കെ.സി. തോമസ് പല പ്രതിബന്ധങ്ങളെയും തരണംചെയ്ത് പ്രബോധിനിക്കു സമാനമായി 'ധർമ്മഭടൻ' എന്ന ആനുകാലികം ആരംഭിച്ചുവെങ്കിലും അധികകാലം ഈ പ്രസിദ്ധീകരണവുമായി മുന്നോട്ടുകൊണ്ടു പോവാൻ അദ്ദേഹത്തിനു സാധിച്ചില്ല.

ടി. ടി. കേശവശാസ്ത്രിയുടെ 'കാര്യദർശി'യും കൊട്ടിയം കൃഷ്ണന്റെ 'ഹരിജൻ മിത്ര'വും ചാത്തന്നൂർ ചിന്താമണിയുടെ 'ജലധാര'യും സമൂഹത്തിലെ അധീശശക്തികളെ നിശിതമായി ചോദ്യം ചെയ്ത ദളിത് ആനുകാലികങ്ങളായിരുന്നു. 1950 ൽ നെടുങ്കുന്നത്തുനിന്നും പ്രസിദ്ധീകരിച്ച 'ജയകേരളം', കോട്ടയത്തുനിന്ന് 1958ൽ പി. ചാക്കോ ആരംഭിച്ച 'കർമ്മവീരൻ', 1962 ൽ തിരുവനന്തപുരത്തു നിന്നും എസ്. രാജരത്നത്തിന്റെ മേൽനോട്ടത്തിൽ വന്ന 'ജനനി', രാജൻ മാവേലിക്കരയുടെ 'ജനസന്ദേശം (1966)', എം. ഡി. ഫിലിപ്പിന്റെ 'ഉദയകിരണം (1973)', എലിസബത്ത് ജോണിന്റെ 'പ്രകാശഗോളം', സ്റ്റീഫൻ തിരുമേനിയുടെ 'നവനാദം (1967)', സ്റ്റീഫൻ വട്ടപ്പാറയുടെ 'ദൈവമക്കൾ (1973)', ചെമ്പുതുറപാപ്പന്റെ 'ദ്രാവിഡമിത്രം', ടി. കൃഷ്ണന്റെ 'ഹരിജൻ', പി. ദേവകുമാറിന്റെ 'നവദീപം', ജോസഫിന്റെ 'വിമർശകൻ', കൊല്ലംകേശവന്റെ 'ഹരിജനധ്വനി' എന്നിവ മലയാളത്തിലെ മറ്റ് പ്രധാനപ്പെട്ട ദളിത് പ്രസിദ്ധീകരണങ്ങളാണ്.


ISSN: 2582 - 2594

1963 മുതൽ പി.ആർ.ഡി.എസുകാരുടെ പ്രസിദ്ധീകരണമായ 'ആദിയാർദ്വീപ്'വും 'കേരളമക്കൾ' എന്ന മാസികയും ഇന്നും നിലനിൽക്കുന്നുണ്ട്.

## കീഴാള ജ്ഞാനനിർമ്മിതിയുടെ വർത്തമാനം

ദളിത് ജ്ഞാനനിർമ്മിതിയിൽ അച്ചടി സുപ്രധാനമായ ഒരു സ്ഥാനം വഹിച്ചിട്ടുണ്ടെന്നത് സുവ്യക്തമാണ്. സാമ്പത്തികമായും സാമൂഹികമായും അനവധി പ്രതിസന്ധികളെ പ്രതിരോധിച്ചു കൊണ്ടുതന്നെയാണ് ദളിതർ തങ്ങളുടെ പ്രാതിനിധ്യം അറിയിച്ചത്. നവമാധ്യമങ്ങളുടെ കുത്തൊഴുക്കിനിടയിലും ദളിത് രചനകളുടെ പ്രസാദനത്തിനായി മാത്രം നിലകൊള്ളുന്ന "ഇടനേരം ബ്ലോഗ്'", " 'ഉത്തരകാലം വെബ്പോർട്ടൽ "മുതലായവയുടെ പ്രവർത്തനങ്ങളെയും നാം പരിഗണിക്കേണ്ടതായുണ്ട്. ഭൂതകാലത്തിന്റെ ചരിത്രം എന്ന പോലെ വർത്തമാനകാലത്തെ അവയുടെ പ്രവർത്തനങ്ങളെയും പഠനവിധേയമാക്കേണ്ടത് അനിവാര്യമാണ്.

## ഗ്രന്ഥസൂചി

1. കുഞ്ഞികൃഷ്ണൻ, കെ. ശിവശങ്കരൻ, എം. കെ., പ്രിയദർശൻ, ജി, രാജശേഖരൻ തോട്ടം, നല്ലെപ്പറമ്പിൽ ആൻറണി, മാധ്യമങ്ങളും മലയാളസാഹിത്യവും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000
2. ഒളവണ്ണ നിസ്സാർ, പത്രപ്രവർത്തനം, ലിപി പബ്ലിക്കേഷൻസ്, 2016
3. പ്രിയദർശനൻ ജി, മലയാള പത്രപ്രവർത്തനം പ്രാരംഭസ്വരൂപം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ,
4. വർമ്മ ദിനേശ്, പത്രപ്രവർത്തനം വഴിയും വസ്തുതയും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2011
5. ഡോ. മോഹൻദാസ്, വള്ളിക്കാവ് പത്രപ്രവർത്തനം, ചിന്തപബ്ലിക്കേഷൻസ്, തിരുവനന്തപുരം